

കുടുംബശ്രീ
**കുടുംബവിശേഷം**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

# സ്വപ്നഭവനം സ്വന്തമാക്കാം



ഒരു വീടു സ്വന്തമാക്കുക എന്നത് എല്ലാവരുടെയും സ്വപ്നം. സ്വന്തമായ വീടു നേടാനും വീടു നിർമിക്കാനാവശ്യമായ ധനസഹായം ലഭിക്കാനും കുടുംബശ്രീയുടെ കൈത്താങ്ങ് എപ്പോഴും ഉണ്ടാകും.

നഗരങ്ങളിൽ 'എല്ലാവർക്കും ഭവനം' എന്ന ആശയം മുൻനിർത്തി സ്വന്തമായി സ്ഥലമുള്ള (എന്നാൽ വീടില്ലാത്ത) വർക്കും ഭവന നിർമാണത്തിനു മൂന്നുലക്ഷം രൂപ ധനസഹായം ലഭ്യമാവുന്ന 'പ്രധാനമന്ത്രി ആവാസ് യോജന' (പിഎംഎവൈ) എന്ന കേന്ദ്ര പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. നഗരപ്രദേശത്തു താമസിക്കുന്നവരും മൂന്നുലക്ഷം രൂപയിലധികം വാർഷിക വരുമാനമില്ലാത്തവരും സ്വന്തമായി മൂന്നു സെന്റ് സ്ഥലം ഉള്ളവർക്കുമാണു വീടു നിർമാണത്തിനു ധനസഹായം. ഇതിനോടകം 25,000 ൽപരം പേർക്കു ധനസഹായം നൽകിക്കഴിഞ്ഞു.

വീടു നിർമാണത്തിനുള്ള ധനസഹായം കേരള സർക്കാരിന്റെ നവകേരള ആക്ഷൻ പ്ലാനിലെ 'ലൈഫ്' പദ്ധതിയിലൂടെയും ലഭിക്കും. 'ലൈഫ്' എന്ന പദ്ധതിയുടെ സമഗ്ര സർവേ കുടുംബശ്രീ സംഘടനാ സംവിധാനം വഴി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്വന്തമായി സ്ഥലമുള്ള എല്ലാവർക്കും വീടു നിർമിക്കാൻ ധനസഹായം നൽകുക എന്നതാണു 'ലൈഫി'ന്റെ പ്രധാന ലക്ഷ്യം. സർവേ പൂർത്തിയാക്കി ഗുണഭോക്താക്കളുടെ അന്തിമപട്ടിക മേയ് ആദ്യവാരത്തോടെ പഞ്ചായത്തുകളിൽ പ്രസിദ്ധീകരിക്കും. ഏതു തദ്ദേശ സ്വയംഭരണ സ്ഥാപനമായാലും സ്ഥലമുണ്ടെങ്കിൽ വീടു നിർമിക്കാനുള്ള ധനസഹായം 'ലൈഫിലൂടെ' ലഭിക്കും). ഈ ഗുണഭോക്തൃലിസ്റ്റിൽ പേരില്ലെങ്കിൽ പഞ്ചായത്തു സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതും അർഹരാണെങ്കി ൽ അപേക്ഷ പരിഗണിച്ചു സർവേ നടത്തി ലിസ്റ്റിൽ പേരു ചേർക്കാൻ അവസരം ലഭിക്കുന്നതുമാണ്. സ്ഥലം സ്വന്തമായി ഇല്ലാത്തവരാണെങ്കിൽ സർക്കാർഭൂമി ലഭ്യമാക്കി ഫ്ലാറ്റുകൾ നിർമിച്ചു നൽകാനാണു 'ലൈഫ്' പദ്ധതിയിൽ കേരള ഗവൺമെന്റ് വിഭാവനം ചെയ്തത്. സ്ഥലമില്ലാത്തവരെക്കൂടി ഉൾപ്പെടുത്തിയാണു കുടുംബശ്രീ സർവേ നടത്തിയത്.

തൊഴിലന്വേഷിച്ചു നഗരങ്ങളിലേക്കു ചേക്കേറുന്നവരുടെ എണ്ണം കൂടിയതോടെ നഗരപ്രദേശങ്ങളിലെ താൽക്കാലിക താമസക്കാരുടെ എണ്ണവും കൂടിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ സ്ഥലത്തിന്റെ വില ഗ്രാമങ്ങളിലെക്കാൾ കൂടുതലായതിനാൽ സ്വന്തമായി സ്ഥലം വാങ്ങാനോ വീടു നിർമിക്കാനോ പലർക്കും സാധിച്ചുവെന്നു വരില്ല. ലോണെടുത്തു വീടു വയ്ക്കുന്നതിനെപ്പറ്റി ചിന്തിക്കുന്ന കുറച്ചുപേരെങ്കിലും നഗരപ്രദേശങ്ങളിൽ ഉണ്ടാകും. വീടു നിർമിക്കാൻ എടുക്കുന്ന ലോണിന്റെ പലിശ കുറച്ചുകൊടുക്കുന്ന 'ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം' (സിഎൽഎസ്എസ്) കുടുംബശ്രീ വഴി നടപ്പാക്കുന്ന പിഎംഎവൈ പദ്ധതിയിൽ ഉണ്ട്.

### ഈ പദ്ധതിപ്രകാരം

1. പ്രതിവർഷം ആറുലക്ഷം വരെ വാർഷിക വരുമാനമുള്ളവർ എടുക്കുന്ന ആറുലക്ഷം രൂപ വരെയുള്ള ഭവനവായ്പയ്ക്ക് ആറര ശതമാനം പലിശ ഇളവു ലഭിക്കുന്നു.

2. പ്രതിവർഷം പന്ത്രണ്ടുലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർ എടുക്കുന്ന ഒൻപതു ലക്ഷം രൂപ വരെയുള്ള ഭവന വായ്പയ്ക്ക് നാലു ശതമാനം പലിശ ഇളവു ലഭിക്കുന്നു.

3. പ്രതിവർഷം പതിനെട്ടു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർ എടുക്കുന്ന പന്ത്രണ്ടു ലക്ഷം രൂപ വരെയുള്ള ലോണിനു മൂന്നു ശതമാനം പലിശയിളവു ലഭിക്കുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു മാത്രമല്ല, ഉയർന്ന വരുമാനക്കാർക്കും പലിശയിളവു ലഭിക്കുന്ന ഈ പദ്ധതിയുടെ നോഡൽ ഏജൻസിയും കുടുംബശ്രീയാണ്. ഇവിടെ സൂചിപ്പിച്ച വായ്പാപരിധിയിൽ അനുവദിച്ചതിനെക്കാൾ കൂടുതലായി എടുക്കുന്ന ലോണിന് അതതു ബാങ്കുകൾ നിഷ്കർഷിച്ചിട്ടുള്ള പലിശ നൽകിയാൽ മതി. 20 വർഷമാണു വായ്പ തിരിച്ചടവിന്റെ കാലാവധി. വരുമാന നികുതി നൽകുന്നവർക്കും സർക്കാർ ഉദ്യോഗസ്ഥർക്കുമെല്ലാം ഈ പദ്ധതിയുടെ ആനുകൂല്യം നേടാം.

### നിർമാണരംഗത്തും കുടുംബശ്രീ സാന്നിധ്യം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയലിൽ എട്ടു വനിതാ സംരംഭകർ ചേർന്നു തുടങ്ങിയ 'നിർമാണ യൂണിറ്റ്' ആണു വീടു കെട്ടുന്ന ജോലി വളയിട്ട കൈകളിൽ ഭദ്രമാണെന്നു സ്ഥിരമായി തെളിയിച്ചത്. മൂന്നുവർഷമായി പ്രവർത്തിക്കുന്ന ഈ യൂണിറ്റ് അൻപതിലധികം വീടു നിർമാണ പ്രവൃത്തികൾ ഏറ്റെടുത്തു പൂർത്തിയാക്കിക്കഴിഞ്ഞു.

ഈ കർമനിരതരായ വനിതാ സംരംഭകരുടെ പ്രവർത്തനത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് കെട്ടിട നിർമാണരംഗത്തു താൽപര്യമുള്ള സ്ത്രീകൾക്കു പരിശീലനം നൽകി 'നിർമാണ യൂണിറ്റുകളാക്കി മാറ്റാനും വീടുനിർമാണം നടത്താൻ വേണ്ട മുഴുവൻ സാങ്കേതിക സഹായവും നൽകാനുള്ള പദ്ധതിയും കുടുംബശ്രീ ആവിഷ്കരിച്ചിട്ടുണ്ട്. കെട്ടിട നിർമാണ രംഗത്തു മുൻപരിചയം ഉള്ള സർക്കാർ അംഗീകരിച്ച ഏജൻസികളുടെ / നിർമാണ കമ്പനികളുടെ സഹായത്തോടെയാണു പരിശീലനം നൽകുക. ഇതിനോടകം 14 ജില്ലകളിലുമായി 320ൽ അധികം പേർ ഈ പരിശീലനം നേടിക്കഴിഞ്ഞു. ഇവരിൽനിന്നു താൽപര്യമുള്ളവർ ഒത്തുചേർന്നു 'നിർമാണ യൂണിറ്റുകൾ' തുടങ്ങണമെന്നാണു ഞങ്ങളുടെ സ്വപ്നം. താൽപര്യമുള്ള സ്ത്രീകൾക്കെല്ലാം കടന്നുവരാനും വലിയ ഉയർച്ചയ്ക്കു സാധ്യതയുള്ള ഈ മേഖലയിൽ സ്വന്തമായ ഇടം നേടാനും സാധിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം.

വിവിധ പദ്ധതികളിലൂടെയും അല്ലാതെയും വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമാണം ഇപ്പോൾ വർധിച്ചുവരുന്നുണ്ട്. വീടു നിർമാണ സാമഗ്രികൾ നിർമിക്കുന്ന (ഇഷ്ടിക, ഹോളോബ്ലോക്ക്, സോളിഡ് ബ്ലോക്ക്, കോൺക്രീറ്റ് റിങ് മുതലായവ) യൂണിറ്റുകൾക്കും വലിയ സാധ്യതകളും കൂടുതൽ വരുമാനം ലഭിക്കാൻ അവസരങ്ങളും തുറന്നുകിട്ടുകയാണ്. ഇപ്രകാരം 'ബിൽഡിങ് മെറ്റീരിയൽ മാനുഫാക്ചറിങ് യൂണിറ്റുകൾ തുടങ്ങാൻ മുന്നോട്ടുവരുന്ന കുടുംബശ്രീ വനിതകൾക്ക് എല്ലാ സഹായവും (പരിശീലനം, സബ്സിഡി തുടങ്ങിയവ) നൽകാനും പ്രോത്സാഹനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. നിർമാണരംഗത്തു പുതിയ അവസരങ്ങൾ ഒരുക്കിയും അർഹരായവർക്കു ഭവനനിർമാണ ധനസഹായം ലഭ്യമാക്കാൻ മുൻകൈയെടുത്തും ശക്തമായ ചുവടുവയ്പു ലക്ഷ്യമിട്ടു കുടുംബശ്രീ മുന്നേറുകയാണ്. ■